**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3909** **15-07-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് മെഡിക്കൽ കോളേജ് പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് മെഡിക്കൽ കോളേജ് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കാസർഗോഡ് മെഡിക്കൽ കോളേജിൽ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണവും കാമ്പസ് റോഡുകളുടെ നിർമ്മാണവുമാണ് പൂർത്തിയായിട്ടുള്ളത്. ആശുപത്രി കെട്ടിടത്തിന്റെ സിവിൽ വർക്കുകളും, ഗേൾസ് ഹോസ്റ്റൽ, അദ്ധ്യാപക ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണവും പൂർത്തിയാകാനുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കാസർഗോഡ് മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ വർക്കുകളും, ബോയ്സ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ, ഗേൾസ് ഇന്റേൺസ് ഹോസ്റ്റൽ, ബോയ്സ് ഇന്റേൺസ് ഹോസ്റ്റൽ, അദ്ധ്യാപക- അനദ്ധ്യാപക ക്വാർട്ടേഴ്സുകൾ, ലേഡീസ് ഹോസ്റ്റൽ, ലൈബ്രറി, ഓഡിറ്റോറിയം, മാലിന്യ സംസ്കരണ പ്ലാന്റ് തുടങ്ങിയവയുടെ നിർമ്മാണവും പൂർത്തീകരിക്കേണ്ടതുണ്ട്. |
| (ബി) | നിലവിൽ ഏതൊക്കെ ഡിപ്പാർട്ടുമെന്റുകളാണ് പ്രസ്തുത മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്നതെന്നും രോഗ നിർണ്ണയത്തിനും മറ്റ് ചികിത്സാ സ്വകര്യങ്ങൾക്കുമായി എന്തെല്ലാം ഉപകരണങ്ങളും സംവിധാനങ്ങളുമാണ് ഇവിടെ ലഭ്യമായിട്ടുള്ളതെന്നും വിശദമാക്കാമോ; | (ബി) | കാസർഗോഡ് മെഡിക്കൽ കോളേജിൽ ഒ.പി വിഭാഗത്തിൽ ന്യൂറോളജി, ജനറൽ മെഡിസിൻ, ഇ.എൻ.ടി പീഡിയാട്രിക്സ്. പൾമൊണറി മെഡിസിൻ, സൈക്യാട്രി, ഡെന്റൽ സർജറി വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഹീമോഗ്രാം, വൃക്ക സംബന്ധമായ പ്രവർത്തന പരിശോധന (Rental Function Test), Liver Function Test തുടങ്ങിയ രക്ത പരിശോധനകൾക്കുള്ള സൗകര്യം കാസർഗോഡ് മെഡിക്കൽ കോളേജിൽ ഒരുക്കിയിട്ടുണ്ട്. പോർട്ടബിൾ എക്സ്റേ സംവിധാനവും, ഫാർമസി സംവിധാനവും നിലവിൽ കാസർഗോഡ് മെഡിക്കൽ കോളേജിലുണ്ട്. |
| (സി) | പ്രസ്തുത മെഡിക്കൽ കോളേജിൽ വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നതിനാൽ ഒ.പി പ്രവർത്തിക്കുന്നതിനാവശ്യമായ സംവിധാനങ്ങളേ നിലവിൽ കാസർഗോഡ് |

| | | | |
|---|---|---|---|
| | | | മെഡിക്കൽ കോളേജിൽ ഒരുക്കിയിട്ടുള്ളൂ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് മെഡിക്കൽ കോളേജിന്റെ പൂർണ്ണതോതിലുള്ള പ്രവർത്തനത്തിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കാൻ കഴിയുന്നതാണ്. അടിസ്ഥാന സൗകര്യ വികസനത്തിനായി സ്റ്റേറ്റ് പ്ലാൻ ഫണ്ട്, കാസർഗോഡ് വികസന പാക്കേജ്, കിഫ്ബി എന്നിവ വഴി വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആശുപത്രി കെട്ടിടത്തിന്റെ പുരോഗമിച്ചുകൊണ്ടിരിക്കുന്ന സിവിൽ, അഗ്നി സുരക്ഷാ സംവിധാനം എന്നിവ സ്റ്റേറ്റ് ഫണ്ടിൽ നിന്നും തുക അനുവദിച്ചാണ് പൂർത്തിയാക്കുന്നത്. മെഡിക്കൽ കോളേജിലെ ജല വിതരണ സംവിധാനം, ഗേൾസ് ഹോസ്റ്റൽ, അദ്ധ്യാപക ക്വാർട്ടേഴ്സ് തുടങ്ങിയവയ്ക്ക് കാസർഗോഡ് വികസന പാക്കേജിൽ നിന്നുമാണ് തുക അനുവദിക്കുന്നത്. കാസർഗോഡ് മെഡിക്കൽ കോളേജിലെ ശേഷിക്കുന്ന നിർമ്മാണ – അനുബന്ധ പ്രവർത്തനങ്ങൾ കിഫ്ബി പദ്ധതിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കിഫ്ബി പദ്ധതികളുടെ സാങ്കേതികാനുമതി തേടുന്നതിലേയ്ക്കായി വിവിധ പ്രവർത്തികളുടെ എസ്റ്റിമേറ്റുകളുടെ സൂക്ഷ്മ പരിശോധന ടെക്നിക്കൽ കമ്മിറ്റി നടത്തി വരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ കൃത്യമായ ഇടവേളകളിൽ വിവിധ മീറ്റിംഗുകൾ വിളിച്ചു ചേർത്ത് നിർമ്മാണ പുരോഗതി വിലയിരുത്തുന്നുണ്ട്. |
| (ഡി) | പ്രസ്തുത മെഡിക്കൽ കോളേജിൽ അനുവദിച്ച സ്ഥിരം തസ്തികകൾ എത്ര; തസ്തികകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; അനുവദിച്ച തസ്തികകളിലേക്കെല്ലാം ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | സ.ഉ (കൈ) നം. 62/20/ആ.കു.വ തീയതി 09/04/2020 പ്രകാരം 91 അദ്ധ്യാപക തസ്തികകളും 182 അനദ്ധ്യാപക തസ്തികകളുമടക്കം ആകെ 273 തസ്തികകൾ കാസർഗോഡ് മെഡിക്കൽ കോളേജിനായി സൃഷ്ടിച്ചിട്ടുണ്ട്. സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകൾ സംബന്ധിച്ച വിവരം അനുബന്ധം (1 ) ആയി ചേർക്കുന്നു. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിലവിലെ പ്രവർത്തനത്തിനാ വശ്യമായ ജീവനക്കാരെ മാത്രമേ ഇപ്പോൾ നിയമിച്ചിട്ടുള്ളൂ. വിവരം അനുബന്ധം (2) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ